**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3356 16/12/2015-ൽ മറുപടിയ്ക്ക്

**അടുക്കള പച്ചക്കറിത്തോട്ടങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.എ.അസീസ്** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) അടുക്കള പച്ചക്കറിത്തോട്ടങ്ങൾ വ്യാപകമാക്കുന്നതിന് പദ്ധതികൾ എന്തൊക്കെയാണ് ; | എ) മട്ടുപ്പാവുകളിൽ കൃഷി ചെയ്യുന്നതിന് ഗ്രോബാഗ് വിതരണം, വിദ്യാർത്ഥികൾക്കും, വീട്ടമ്മമാർക്കും, സ്കൂൾ, കൃഷി ഭവൻ, മാധ്യമങ്ങൾ, എൻ.ജി.ഒ എന്നിവ വഴി പച്ചക്കറി വിത്ത് കിറ്റ് വിതരണം തുടങ്ങിയ ഘടകങ്ങൾ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൻ കീഴിൽ അടുക്കള പച്ചക്കറിത്തോട്ടങ്ങൾ വ്യാപകമാക്കുന്നതിനായി നടപ്പിലാക്കി വരുന്നു. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ വഴി 'ഹരിതനഗരി' എന്ന പദ്ധതിയും, നടപ്പിലാക്കി വരുന്നു. |
| ബി) സബ്സിഡി ഇനത്തിൽ പച്ചക്കറിത്തോട്ടങ്ങൾ വീടുകളിൽ സ്ഥാപിക്കുന്നതിന് ചെയ്യുന്ന സഹായങ്ങൾ വ്യക്തമാക്കുമോ? | ബി) മേൽപ്പറഞ്ഞ പദ്ധതി ഘടകങ്ങളിൽ പച്ചക്കറി വിത്ത് കിറ്റ് സൗജന്യമായും; 25 ഗ്രോബാഗുകളടങ്ങുന്ന 2000/- രൂപ വിലയുള്ള യൂണിറ്റിന് 75 ശതമാനം (1500 രൂപ) സബ്സിഡി നിരക്കിൽ പച്ചക്കറിത്തോട്ടങ്ങൾ വീടുകളിൽ സ്ഥാപിക്കുന്നതിനും സഹായം നല്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**